പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 960 14-10-2026-ൽ മറുപടിയ്ക്ക്

വാട്ടർ അതോറിറ്റി മുറിച്ച റോഡുകൾ പുനഃസ്ഥാപിക്കുന്നതിന് അടിയന്തര നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) വിവിധ കുടിവെള്ള പദ്ധതികളുടെ ഭാഗമായി പൊതുമരാമത്ത്, ഗ്രാമീണ റോഡുകൾ മുറിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡ് റീസ്റ്റോറേഷൻ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) വാട്ടർ അതോറിറ്റി മുറിച്ച റോഡുകൾ പുനഃസ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

മറുപടി: ജൽ ജീവൻ മിഷൻ പദ്ധതിയിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുവാനായി പൊതുമരാമത്ത് വകുപ്പിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും റോഡുകൾ മുറിക്കേണ്ടതായി വന്നിട്ടുണ്ട്.

1.PWD റോഡുകളുടെ പുനസ്ഥാപന പ്രവർത്തികൾ: KWA കരാറുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തികളിൽ ഫണ്ടിന്റെ അഭാവം മൂലം പ്രവർത്തികൾ മന്ദഗതിയിലായിരുന്നു. ഇതു മറികടക്കുവാനായി നബാർഡിൽ നിന്നും ലോൺ ലഭ്യമാക്കി കരാറുകാരുടെ കുടിശ്ശിക പരിഹരിച്ചിട്ടുണ്ട്. KWA കരാറുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡ് പുനസ്ഥാപന പ്രവർത്തികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. PWDക്ക് പുനസ്ഥാപന തുക അടച്ച് റോഡ് കുഴിക്കുവാൻ അനുമതി ലഭ്യമായ സ്ഥലങ്ങളിൽ റോഡുകൾ പുനസ്ഥാപിക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. പുനസ്ഥാപന പ്രവർത്തികൾ വേഗത്തിലാക്കുവാനും തടസ്സങ്ങൾ നീക്കുവാനും വിവിധ തലങ്ങളിൽ മീറ്റിങ്ങുകൾ നടത്തി ആവശ്യമായ ഏകോപനം നടത്തി വരുന്നുണ്ട്.

2. ജൽ ജീവൻ മിഷന്റെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ അനുവദിച്ചിരുന്നുള്ളൂ. ഇതനുസരിച്ച് പൈപ്പ്ലൈൻ സ്ഥാപിച്ച ശേഷം

പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിച്ചിട്ടുണ്ട്. ജൽ ജീവൻ മിഷന്റെ നാലും അഞ്ചും ഘട്ടങ്ങളിൽ ഭരണാനുമതി ലഭ്യമായ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി അനുവദിച്ചിട്ടുണ്ട്. തുടർന്ന് ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ കൂടി റോഡുകളുടെ പുനഃസ്ഥാപനത്തിന് ഫണ്ട് അനുവദിക്കണമെന്നുള്ള ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവർത്തികൾ ഒഴികെ) 1351.20 കോടി രൂപയുടെ അംഗീകാരം കൂടി ലഭിച്ചിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ മുറിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത റോഡുകളുടെ പുനഃസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി 08.01.2024 ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ഏകോപിപ്പിച്ച പ്രവർത്തനത്തിലൂടെ മുറിച്ച റോഡുകൾ റിസ്റ്റോർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ ആഭ്യന്തര വികസന ഗ്രാന്റ് , മെയിന്റനൻസ് ഗ്രാന്റ്, അല്ലെങ്കിൽ CFC ഗ്രാന്റ് മുൻകൂറായി വിനിയോഗിച്ച് അടിയന്തര റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ നടത്തുവാൻ അനുമതി നൽകി 26.01.2026-ന് തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പ് ബിറ്റുമിന് അധിക നിരക്ക് നൽകിയതിനു സമാനമായി വാട്ടർ അതോറിറ്റിയിൽ അധിക നിരക്ക് പ്രാബല്യത്തിൽ വരാത്തതിനാൽ റോഡ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കരാറുകാർക്ക് കഴിയാത്ത സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> കേരള സർക്കാരിന് കീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് വകുപ്പുകളും എസ്റ്റിമേറ്റുകൾ തയ്യാറാക്കാൻ PRICE സോഫ്റ്റ്വെയറിനെ ആണ് ആശ്രയിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് ബിറ്റുമിൻ നിരക്കുകൾ പരിഷ്കരിക്കുന്ന സമയത്ത് തന്നെ PRICE സോഫ്റ്റ്വെയറിൽ ആയത് ലഭ്യമാകുന്നതിനാൽ അത് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റുകളിലും പ്രതിഫലിക്കുന്നതാണ്. ആയതിനാൽ വാട്ടർ അതോറിറ്റിക്ക് വേണ്ടി പ്രത്യേക നിരക്ക് പരിഷ്കരണം ആവശ്യമില്ല.

സെക്ഷൻ ഓഫീസർ